**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2876** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയെ ആധുനികവൽക്കരിക്കുമെന്ന നിലവിലെ സർക്കാർ നയത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ഏതൊക്കെ മേഖലകളിലാണ് ആധുനികീകരണം നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണവകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയും അവയുടെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയുമാണ്.<br><br>**ICDMS (Integrated Co-operative Department Management System)**<br><br>സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ, ആഡിറ്റ് മോഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/ സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും, ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ വഴി ഒടുക്കുന്നതിനും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ICDMS ലൂടെയാണ്.<br><br>**സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം**<br><br>സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>**Co-operative Audit Monitoring & Information System (CAMIS)** |

| | | | |
|---|---|---|---|
| | | | സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>**<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള ഏകീകൃത സോഫ്റ്റ് വെയർ</u>**<br><br>സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>കേരള സഹകരണ സംഘം നിയമം സമഗ്ര പരിഷ്കരണം</u>**<br><br>കേരള സഹകരണ സംഘം നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>**<u>സഹകരണ ആഡിറ്റ്</u>**<br><br>സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇൻഡ്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് വകുപ്പിലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് തസ്തികയിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിച്ചു.<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിലും ടീം ആഡിറ്റ് സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സഹകരണ വകുപ്പ് പ്രാഥമിക സഹകരണ സംഘങ്ങൾക്കായി ഏകീകൃത നിയമാവലി | (ബി) | കേന്ദ്ര സഹകരണ വകുപ്പ് പുറത്തിറക്കിയ “ Model Bye-laws for Primary Agricultural Credit |

| | | | |
|---|---|---|---|
| | തയ്യാറാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ വകുപ്പിന്റെ അഭിപ്രായമെന്തെന്ന് വ്യക്തമാക്കാമോ? | | Societies (PACS)” ൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ